(ഇ) പൂന്തോട്ടങ്ങൾ നനയ്ക്കുന്നതിന് മഴവെള്ളം ഉപയോഗിക്കണമെന്ന് ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന മേൽക്കൂര മഴവെള്ളക്കൊയ്ത്ത് പദ്ധതിയായ വർഷ പദ്ധതി പ്രകാരം 1048 യൂണിറ്റുകൾ പൂർത്തീകരിച്ചു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിവഴി മഴവെള്ള സംഭരണ പ്രചരണ പരിപാടിക്ക് 2004 ജൂണിൽ തുടക്കം കുറിച്ചു. എല്ലാ ജില്ലയിലും 50 മേസ്തിരിമാരെ ഫെറോസിമന്റ് സാങ്കേതികവിദ്യയിൽ പരിശീലനം നൽകി സജ്ജരാക്കി. എല്ലാ ജില്ലകളിലും 10,000 ലിറ്റർ സംഭരണശേഷിയുള്ള 35 സംഭരണികൾ നിർമ്മിച്ചുവരുന്നു. മഴവെള്ള സംഭരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, സിനിമസ്ലൈഡുകൾ, സ്റ്റിക്കറുകൾ, മതിലെഴുത്തുകൾ, കെ.എസ്.ആർ.ടിസി. ബസ്സിൽ പരസ്യങ്ങൾ, സെമിനാറുകൾ, ടി.വി. ചാനലുകൾവഴിയുള്ള പരസ്യങ്ങൾ, ഡോക്യുമെന്ററികൾ, ആകാശവാണിവഴിയുള്ള പരിപാടികൾ തുടങ്ങിയ വിവിധ ബോധവൽക്കരണ-പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ഗവൺമെന്റ് വെറ്ററിനറി കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, വിദ്യാലയങ്ങൾ തുടങ്ങി 64-ഓളം സ്ഥാപനങ്ങളിൽ സമഗ്ര മഴവെള്ള സംഭരണത്തിലധിഷ്ഠിതമായ ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങി. എല്ലാ ജില്ലകളിലും 25 വകുപ്പുതല എഞ്ചിനീയർമാർക്ക് ഫെറോസിമന്റ് ടെക്നോളജിയിൽ പരിശീലനം നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുവരെ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേന്ദ്ര സഹായം

51 [1881] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, *വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം വരൾച്ചക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം നിലയിൽ ഫണ്ട് ലഭ്യമാക്കുകയുണ്ടായി; കേന്ദ്ര സഹായം എത്ര കോടിയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദുരിതാശ്വാസ നിധിയിൽനിന്നും ഇതിനായുള്ള കേന്ദ്രഗവൺമെന്റ് സഹായത്തിൽനിന്നും ഉള്ള ഫണ്ടുകൾ വിനിയോഗിക്കുന്നതുസംബന്ധിച്ച് വിശദമാക്കാമോ;

(സി) ഏതെല്ലാം ഇനത്തിൽ എന്ത് തുക ചെലവഴിക്കുകയുണ്ടായി; നടപ്പുവർഷം ലഭിച്ച സഹായവും ചെലവഴിച്ച തുകയും വെളിപ്പെടുത്താമോ;

(ഡി) ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിനോ പൈപ്പ്ലൈനുകൾ നീട്ടുന്നതിനോ പണം ചെലവഴിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജില്ലാ കളക്ടറുടെ വരൾച്ച ദുരിതാശ്വാസ ഫണ്ടിൽനിന്നും കേന്ദ്ര സർക്കാരിന്റെ എ.ആർ.പി. ഫണ്ടിൽനിന്നും വാട്ടർ അതോറിറ്റിക്ക് ഫണ്ട് ലഭിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ എ.ആർ.പി. ഫണ്ടിൽനിന്നും വാട്ടർ അതോറിറ്റിക്ക് 10.51 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) സ്രോതസ്സുകളുടെ പുനരുദ്ധാരണം, പൈപ്പ്ലൈൻ നീട്ടുക, പമ്പ്സെറ്റുകളുടെ റിപ്പയർ, കുഴൽക്കിണറുകളുടെ നിർമ്മാണം, അവയുടെ റിപ്പയർ, പമ്പിംഗ് സമയം നീട്ടുക തുടങ്ങിയ പദ്ധതികൾക്കാണ് വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരൾച്ച ദുരിതാശ്വാസ ഫണ്ട് ചെലവഴിക്കുന്നത്.

(സി) ജില്ലാ കളക്ടർ ഭരണാനുമതി നൽകി വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾക്കായി നാളിതുവരെ 1535.80 ലക്ഷം രൂപയും കേന്ദ്രഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾക്കായി 380.26 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. നടപ്പുവർഷം വാട്ടർ അതോറിറ്റിക്ക് വരൾച്ച ദുരിതാശ്വാസ ഫണ്ട് ലഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് ഫണ്ടിൽനിന്നും കളക്ടറുടെ ഭരണാനുമതി പ്രകാരവും 59.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പണം ചെലവഴിക്കുകയുണ്ടായി. സ്രോതസ്സ് പുനരുദ്ധാരണ പ്രവർത്തനങ്ങളായ താൽക്കാലിക ബണ്ട് നിർമ്മാണം, ഫിൽറ്റർ മീഡിയയുടെ മാറ്റൽ, സ്രോതസ്സിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണ് നീക്കം ചെയ്യൽ തുടങ്ങിയവയാണ് പ്രധാനമായും ചെയ്തത്. ജലലഭ്യത കണക്കാക്കി പൈപ്പ്ലൈനുകൾ ആവശ്യമായ സ്ഥലങ്ങളിലേക്ക് നീട്ടിക്കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷത്തിലെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2005.81 ലക്ഷം രൂപയുടെ ജോലികൾ പൂർത്തീകരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly